**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6321** **20-03-2023 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ വിഭാഗക്കാർക്കായുള്ള നൈപുണ്യ വികസന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടിക വർഗ്ഗ വിഭാഗക്കാർക്കിടയിൽ നൈപുണ്യവികസനം നടപ്പിൽ വരുത്താൻ കഴിയുന്ന മേഖലകൾ എന്തൊക്കെയാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (എ) | **ഉണ്ട്.നിലവിൽ ടൂറിസം സെക്ടർ, ഹോസ്പിറ്റാലിറ്റി സെക്ടർ, ഓട്ടോ മൊബൈൽസ് സെക്ടർ, ഏവിയേഷൻ സെക്ടർ, ഡിജിറ്റൽ മീഡിയ സെക്ടർ തുടങ്ങിയ മേഖലകളിൽ നൈപുണ്യ പരിശീലനം നടത്തി വരുന്നു .കൂടുതൽ മേഖലകളിൽ പരിശീലനം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്** |
| (ബി) | പ്രസ്തുത വിഭാഗക്കാർക്കായി 2016 മുതൽ നൈപുണ്യ വികസന രംഗത്ത് നടത്തിവരുന്ന പദ്ധതികൾ വിശദമാക്കാമോ; | (ബി) | **പട്ടികവർഗക്കാർക്കിടയിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനായി പട്ടികവർഗ വികസന വകുപ്പ് തൊഴിലധിഷ്ഠിത നൈപുണ്യ വികസന പരിശീലനങ്ങൾ നടപ്പിലാക്കുന്നു. പ്രസ്തുത പദ്ധതിയിലൂടെ അഭ്യസ്തവിദ്യരായ പട്ടികവർഗ യുവതീയുവാക്കൾക്ക് അവരവരുടെ താൽപ്പര്യത്തിനനുസരിച്ചും ആനുകാലിക പ്രാധാന്യമുള്ളതും തൊഴിൽ സാദ്ധ്യതയുള്ളതുമായ ഹ്രസ്വകാല തൊഴിൽ പരിശീലനങ്ങൾ നൽകുകയും പ്ലേസ്മെന്റ് മുഖേന സ്ഥിരശമ്പളത്തോടുകൂടി പല നല്ല സംരംഭങ്ങളിലും തൊഴിൽ ലഭ്യമാക്കുന്നതിനോ പ്രസ്തുത മേഖലയിൽ സ്വന്തം രീതിയിൽ ഉപജീവനം കണ്ടെത്തുന്നതിനോ സാധിച്ചിട്ടുണ്ട്.**<br><br>**2016-17 മുതൽ 2021-22 വരെ നടപ്പിലാക്കിയ എയർലൈൻ കസ്റ്റമർ സർവ്വീസ്, എയർലൈൻ ആന്റ് എയർപോർട്ട് മാനേജ്മെന്റ്, ഓട്ടോ ഡയഗണോസിസ് ആന്റ് റിപ്പയർ, ഗ്രാഫിക് ഡിസൈനിംഗ്, പൈപ്പ് ഫാബ്രിക്കേഷൻ, ഇൻഡസ്ട്രിയൽ ടെക്നീഷ്യൻ, അഡ്വാൻസ്ഡ് ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ്, ടിങ്കറിംഗ് ആന്റ് പെയിന്റിംഗ്, ഡീലർഷിപ്പ് എക്സിക്യൂട്ടീവ്, ടു വീലർ സർവീസിംഗ്, ഫോർ വീലർ സർവീസിംഗ്, ഫുഡ് പ്രൊഡക്ഷൻ കോഴ്സ്, ഫുഡ് ആന്റ് ബിവറേജ് കോഴ്സ്, പ്ലാസ്റ്റിക് പ്രോഡക്ട് ഡിസൈൻ ആന്റ് മാനുഫാച്ചറിംഗ്, പ്ലാസ്റ്റിഗ് പ്രൊഡക്ട്** |

| | | | |
|---|---|---|---|
| | | | **മാനുഫാച്ചറിംഗ് ആന്റ് ക്വാളിറ്റി കൺട്രോൾ, ഇലക്ട്രീഷ്യൻ, ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ തുടങ്ങിയ 20 ഓളം പരിശീലന പരിപാടികളിൽ പരിശീലനം നൽകുകയും 2827 പേർക്ക് ജോലി ലഭ്യമാകുകയും ചെയ്തു.** |
| (സി) | 2023-24 ബജറ്റ് കാലയളവിൽ ഈ രംഗത്ത് എന്തൊക്കെ പുതിയ പദ്ധതികൾ ആവിഷ്കരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | **2023-24 ബജറ്റ് കാലയളവിൽ ഏവിയേഷൻ, ടൂറിസം ആന്റ് ഹോസ്പിറ്റാലിറ്റി, ഡിജിറ്റൽ മീഡിയ തുടങ്ങിയ മേഖലകളിൽ നൈപുണ്യ പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നു.** |

സെക്ഷൻ ഓഫീസർ